## ടെൻഡർ പരസ്യം

തിരുവില്വാമല ഗ്രൂപ്പ് ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും എല്ലാവരും അറിയുന്നതിനായി പരസ്യപ്പെടുത്തുന്നത്.

ഈ ഗ്രൂപ്പിൽപ്പെട്ട പഴയന്നൂർ ദേവസ്വം വക പാലസ് പറമ്പിൽ 01/04/2022 മുതൽ 31/3/2023 കൂടിയ കാലത്തേക്ക് സ്കൂട്ടർ,ഓട്ടോറിക്ഷ,മോട്ടോർ സൈക്കിൾ എന്നിവക്ക് ആറു മണിക്കൂർ സമയത്തിന് 5 /-ക നിരക്കിലും കാർ,ജീപ്പ്,ടെമ്പോ എന്നിവക്ക് ആറു മണിക്കൂർ സമയത്തിന് 10 /- ക നിരക്കിലും പാർക്കിങ്ങ് ഫീസ് പിരിക്കുന്നതിനുള്ള,അവകാശം ടെൻഡർ നടപടികൾ സ്വീകരിച്ച് ഏല്പിച്ചുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

ടെൻഡർ സമർപ്പിക്കുവാൻ താല്പര്യമുള്ളവർ സംഖ്യ രേഖപ്പെടുത്തി സീൽ ചെയ്ത ടെൻഡറുകൾ തിരുവില്വാമലഗ്രൂപ്പ് ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ വച്ചിട്ടുള്ള ടെണ്ടർ **ബോക്സിൽ** **09-03-2022നു1.30 PM നു** മുൻപായി നിക്ഷേപിക്കേണ്ടതാണ്. ടെൻഡറിനോടൊപ്പം നിരത ദ്രവ്യമായി ദേവസ്വം കമ്മീഷ്ണറുടെ പേരിൽ ധനലക്ഷ്മി ബാങ്ക് കുമരനെല്ലൂർ ശാഖയിൽ മാറാവുന്ന **5000.00**കയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്. നിരതദ്രവ്യം ഉള്ളടക്കം ചെയ്യാത്ത ടെൻഡറുകൾ സ്വീകരിക്കുന്നതല്ല.ടെൻഡറുകൾ ഉള്ളടക്കം ചെയ്ത കവറിനുപുറത്ത് "പഴയന്നൂർ പാലസ് പറമ്പിലെ പാർക്കിംഗ് ടെൻഡർ " എന്നു പ്രത്യേകം എഴുതേണ്ടതാണ്.

ലഭിച്ച ടെൻഡറുകൾ **09-03-2022നു 2.00PM നു** അപ്പോൾ ഹാജറുളളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും കൂടുതൽ സംഖ്യ രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിലുള്ള ടെൻഡർ ഉറപ്പിക്കുന്നതിനായി ബഹുമാനപെട്ട ദേവസ്വം കമ്മീഷ്ണർക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതും ആയത് അംഗീകരിച്ച് വരുന്ന മുറക്ക് മുഴുവൻ സംഖ്യയും നിയമാനുസൃതമായ GST യും ദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാണ്.പാർക്കിങ്ങ് ഫീസ് പിരിക്കുന്നതിനുള്ള കാലാവധി കഴിഞ്ഞ് ദേവസ്വം ഓഫീസറുടെ NLC ലഭിക്കുന്ന മുറക്ക് ടിയാന്റേയും ടെണ്ടർ അവകാശം ലഭിച്ച ആൾ സംഖ്യ അടച്ച് രശീതി കൈപ്പറ്റുന്ന മുറക്ക് രണ്ടാമതു നിൽക്കുന്നയാളുടെയും ടെൻഡറുകൾ പരിശോധിച്ചുറപ്പിക്കുന്ന മുറക്ക് മറ്റുള്ളവരുടെയും നിരത ദ്രവ്യ DD കൾ തിരിച്ചു നൽക്കുന്നതാണ്.

ഫീസ് പിരിക്കുന്നതിനുള്ള അവകാശം ലഭിച്ചയാൾ ദേവസ്വം നിശ്ചയിക്കുന്ന നിരക്കിൽ കൂടുതൽ ഫീസ് പിരിക്കുവാൻ പാടില്ലെന്നും ദേവസ്വത്തിനോ ഭക്ത ജനങ്ങൾക്കോ ബുദ്ധിമുട്ടുണ്ടാക്കുന്ന രീതിയിൽ യാതൊരു പ്രവർത്തനങ്ങളും ചെയ്യുവാൻ പാടില്ലെന്നും ദേവസ്വം ബോർഡുവക വാഹനങ്ങൾ,ദേവസ്വം ജീവനക്കാരുടെ വാഹനങ്ങൾ എന്നിവ പാർക്കുചെയ്യുന്നതിന് യാതൊരു വിധ തടസ്സങ്ങളും ഉണ്ടാകാൻ പാടില്ലാത്തതും ദേവസ്വം ഓഫീസർ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാൻ ബാധ്യസ്ഥനുമാണ്.കൂടാതെ പാലസ് കെട്ടിടത്തിലെ കറന്റ് ചാർജ് യഥാസമയം അടച്ച് രശീതി ദേവസ്വം ഓഫീസറെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.പാലസ് പറമ്പിൽ യാതൊരു വിധ അനധികൃത പ്രവൃത്തികളും ഉണ്ടാകാൻ പാടില്ലാത്തതാണ്.അവകാശം ലഭിച്ച വ്യക്തിയോ ടിയാന്റെ ജോലിക്കാരോ അല്ലാതെ ആരും തന്നെ ഗ്രൗണ്ടിൽ അനാവശ്യമായി പെരുമാറാതിരിക്കാൻ ടെൻഡറവകാശം ലഭിച്ച ആൾ ശ്രദ്ധിക്കേണ്ടതാണ്.മേൽ എഴുതിയ സംഗതികളുടെ ഉറപ്പിലേക്കായി 200 /- ക മുദ്ര പത്രത്തിൽ ടെൻഡർ ഉറപ്പിക്കുന്ന ആൾ ദേവസ്വം തയ്യാറാക്കുന്ന നിബന്ധനങ്ങൾ എഴുതി ഒപ്പിട്ട് തരേണ്ടതാണ്.

ഈ പരസ്യപ്രകാരം ലഭിക്കുന്ന ടെൻഡറുകൾ ദേവസ്വത്തിനു ഗുണകരമല്ലെന്നു കണ്ടാൽ മറ്റു ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് താഴെ ഒപ്പിടുന്ന ആൾക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.ഈ ടെൻഡറിനെക്കുറിച്ച് കൂടുതൽ വിവരങ്ങൾ പഴയന്നൂർ ദേവസ്വം ഓഫീസിലോ , തിരുവില്വാമലഗ്രൂപ്പ് ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിലോ പ്രവർത്തി സമയങ്ങളിൽ അറിയാവുന്നതാണ്.

ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണർ

തിരുവില്വാമലഗ്രൂപ്പ്

വടക്കാഞ്ചേരി

14-02-2022